"ഭരണഭാഷ - മാതൃഭാഷ"

നം. WEC4-16081/19

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 14.09.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് – ഉജ്ജ്വല പദ്ധതി നിർവ്വഹണം – പുരോഗതി വിലയിരുത്തുന്നത് – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ

ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേക്ക് തിരിച്ച് കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല. നിലവിൽ ചുവടെ ചേർക്കുന്ന 3 ഹോമുകളാണ് ഉജ്ജ്വല പദ്ധതി പ്രകാരം പ്രവർത്തിച്ചുവരുന്നത്.

1. കൾച്ചറൽ അക്കാഡമി ഫോർ പീസ്, എറണാകുളം - Prevention & Rehabilitation
2. സെന്റ് ബർണ്ണാഡിറ്റ് ഹോം ഫോർ വിമൺ, കോഴിക്കോട് - Rehabilitation
3. പി. സരോജിനി അമ്മ സ്മാരക മഹിളാ സമാജം, മഞ്ചേരി, മലപ്പുറം - Prevention

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പുരോഗതി വിലയിരുത്തുന്നതിനുമായി ചുവടെ ചേർക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. 2020 സെപ്റ്റംബർ മാസം മുതൽ എല്ലാ 3 മാസത്തിലൊരിക്കൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ സ്ഥാപനം സന്ദർശിക്കേണ്ടതും റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ii. വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ അതാത് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ എല്ലാ മാസങ്ങളിലും സന്ദർശനം നടത്തേണ്ടതും ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ പ്രതിമാസം റിപ്പോർട്ട് തയ്യാറാക്കി ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നൽകേണ്ടതും ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ കൗണ്ടർ

സൈനോട്ടുകൂടി അടുത്ത മാസം 10-ാം തീയതിക്ക് മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

iii. ജില്ലാതല മീറ്റിംഗിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസർ അജണ്ടയായി ടി പദ്ധതി കൂടി ഉൾപ്പെടുത്തി പുരോഗതി വിലയിരുത്തേണ്ടതാണ്.

iv. ഓഫീസർമാരുടെ സന്ദർശന വേളകളിൽ താമസക്കാർക്ക് നൽകുന്ന വൊക്കേഷണൽ ട്രെയിനിംഗുകളുടെ കാര്യക്ഷമത പരിശോധിക്കേണ്ടതാണ്.

v. പദ്ധതിയുടെ നടത്തിപ്പിനുള്ള ഫണ്ട് 60:30:10 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രം, സംസ്ഥാനം, സംഘടന എന്നിങ്ങനെയാണ് വിനിയോഗിക്കുന്നത്. നൽകുന്ന ഫണ്ടിന്റെ സുതാര്യത ഉറപ്പാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് നൽകുന്ന സർട്ടിഫിക്കറ്റിനു പുറമേ വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം മുതലുള്ള രേഖകൾ പരിശോധിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനും ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുന്നതിന് ജില്ലാ വനിതാ ശിശുവികസന ഓഫീസർ ഒരു ടീം രൂപീകരിക്കേണ്ടതും ടീമിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ മറ്റ് കാര്യാലയങ്ങളിൽ നിന്നും ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് ക്രമീകരിക്കാവുന്നതാണ്.

vi. ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

vii. ബോധവത്ക്കരണ പരിപാടികൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുന്നതിന് (Prevention) സംഘടനകൾക്ക് തുക അനുവദിക്കാറുണ്ട്. ഇവരുടെ പ്രവർത്തനം അങ്കണവാടികളിൽ (AG Club, Mother's Meeting) കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി ജില്ലാ വനിതാ ശിശുവികസന ഓഫീസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ എന്നിവർ സ്വീകരിക്കേണ്ടതാണ്. സംഘടനകളുടെ Resource Person-നെ വകുപ്പിന്റെ മറ്റ് മേഖലകളിൽ കൂടി സഹകരിപ്പിക്കാൻ കഴിയുമോയെന്ന് കൂടി പരിശോധിക്കേണ്ടതാണ്.

viii. സ്ഥാപനത്തിൽ താമസിക്കുന്ന വനിതകളോടൊപ്പം അവരുടെ കുട്ടികൾ ഉണ്ടെങ്കിൽ കുട്ടികളുടെ പഠനം, മറ്റ് സൗകര്യങ്ങളുടെ ലഭ്യത എന്നിവ വിലയിരുത്തേണ്ടതും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ix. സ്ഥാപനങ്ങളിലെ താമസക്കാർക്ക് നിശ്ചിത ഇടവേളകളിൽ കോവിഡ് പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്ത് ജില്ലാ വനിതാ ശിശുവികസന ഓഫീസർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

for

**വനിത ശിശു വികസന ഡയറക്ടർ**

1. ജില്ലാ വനിതാ ശിശുവികസന ഓഫീസർ } എറണാകുളം, കോഴിക്കോട്, മലപ്പുറം
2. വനിതാ പ്രൊട്ടക്ഷൻ ഓഫീസർ }
3. ബന്ധപ്പെട്ട സംഘടനകൾക്ക്
4. സ്റ്റോക്ക് ഫയൽ

SK/20

**Physical Progress Report under Ujjawala**

Month :

District :

Name of Ujjawala Home :

Monthwise details of inmates

| Month & Year | No. of Residents | | New Admissions | | Discharged | |
|---|---|---|---|---|---|---|
| | Women | Children | Women | Children | Women | Children |
| | | | | | | |

Vocational Training

| Name of Training/ Course | No. of inmates completed | No. of Inmates employed |
|---|---|---|
| | | |

Details of Rehabilated women/children

| Rehabilitation details | No. of Inmates |
|---|---|
| Reunion with family | |
| Employed | |
| Transferred to other facility of Central/State Govt | |
| Others | |

| | |
|---|---|
| Number of inmates to which health benefits provided : | |

| | |
|---|---|
| Number of inmates legally counseled : | |

| | | |
|---|---|---|
| Prevention: | No. of Seminars | |
| | No. of Workshops | |
| | No.of meetings | |
| | Total no. of Participants | |

Countersigned:
District Women & Child Development Officer

Women Protection Officer